"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഇ-സ്റ്റാമ്പിംഗിനോടൊപ്പം സമാന്തരമായി മുദ്രപ്പത്ര വിൽപ്പന തുടരാവുന്ന കാലയളവ് 01/04/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.15/2024/TAXES    തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. സ.ഉ(കൈ) നം. 23/2023/നികുതി തീയതി 20.03.2023
2. സ.ഉ(കൈ) നം. 103/2023/നികുതി തീയതി 29.09.2023
3. ട്രഷറി ഡയറക്ടറുടെ 02.03.2024 തീയതിയിലെ TRY/10579/2019-F1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഒരു ലക്ഷം രൂപ വരെയുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്തെ ട്രഷറികളിലും സ്റ്റാമ്പ് വെണ്ടർമാരുടെ കൈവശവും സ്റ്റോക്കുള്ള മുദ്രപ്പത്രങ്ങളുടെ വിൽപ്പന 01.04.2023 മുതൽ ആറുമാസത്തേക്ക് കൂടി തുടരാവുന്നതാണെന്ന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിക്കുകയും പരാമർശം (2) പ്രകാരം ടി കാലാവധി 01/10/2023 മുതൽ വീണ്ടും ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

2) മേല്പറഞ്ഞ കാലയളവ് 301/03/2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ഇ-സ്റ്റാമ്പിങ് നടപടികൾ പ്രാരംഭ ഘട്ടത്തിൽ മാത്രമാണ് ആയിട്ടുള്ളതെന്നും ആയതിനാൽ ഇ-സ്റ്റാമ്പിങ് നടപ്പിലാക്കുന്നതിനോടൊപ്പം സമാന്തരമായി മുദ്രപ്പത്രങ്ങളുടെ വില്പന തുടരാവുന്ന കാലയളവ് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ-സ്റ്റാമ്പിംഗിനോടൊപ്പം സമാന്തരമായി മുദ്രപ്പത്ര വില്പന തുടരാവുന്ന കാലയളവ് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരള സ്റ്റേറ്റ് ഓഫീസ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sabu Thomas T

Date: 15-03-2024 17:16:02

സെക്ഷൻ ഓഫീസർ